## ചലച്ചിത്ര പഠന സ്കൂൾ ഗവേഷണ ജേർണൽ “ദർശിനി” യിലേക്ക് പ്രബന്ധങ്ങൾ ക്ഷണിക്കുന്നു

ചലച്ചിത്രപഠനസ്കൂളിന്റെ ആഭിമുഖ്യത്തിൽ തയ്യാറാകുന്ന ഗവേഷണ ജേർണൽ 'ദർശിനി – Film Studies Journal, ന്റെ പ്രഥമപതിപ്പിലേക്ക് ഗവേഷണ പ്രബന്ധങ്ങൾ ക്ഷണിച്ചു കൊള്ളുന്നു. APA ഏഴാമത് എഡിഷന്റെ നിബന്ധനകൾ പാലിച്ച്, ചലച്ചിത്ര സംബന്ധിയായ വിഷയങ്ങളിൽ മാത്രം തയ്യാർ ചെയ്യുന്ന പ്രബന്ധങ്ങൾ 1500–വാക്കുകളിൽ കുറയാനും 2500 വാക്കുകളിൽ ( റഫറൻസുകൾ കൂടാതെ) കൂടാനും പാടുള്ളതല്ല. കർശനമായ പിയർ റിവ്യൂവിന്റെ അടിസ്ഥാനത്തിലാണ് ലേഖനങ്ങൾ പ്രസിദ്ധീകരണത്തിനായി തിരഞ്ഞെടുക്കുക. പ്രബന്ധങ്ങളുടെ അബ്സ്ട്രാക്റ്റ് അയക്കേണ്ട അവസാന തീയതി ഡിസംബർ 22 ആയിരിക്കും. പൂർണ്ണമാക്കിയ പ്രബന്ധങ്ങൾ ജനുവരി 31 – ന് മുമ്പ് സമർപ്പിച്ചിരിക്കണം.

ലേഖനങ്ങളും അബ്സ്ട്രാക്റ്റും അയക്കേണ്ട e-mail അഡ്രസ്സ് ചുവടേ ചേർക്കുന്നു: darshini@temu.ac.in

**<u>മാർഗനിർദ്ദേശങ്ങൾ</u>**

പ്രസിദ്ധീകരണത്തിനായി സമർപ്പിക്കുന്ന പ്രബന്ധങ്ങൾ തയ്യാറാക്കുമ്പോൾ താഴെപ്പറയുന്ന മാർഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

- ഗവേഷണപ്രബന്ധം മലയാളത്തിലായിരിക്കണം
- യൂണികോഡ് ലിപിവിന്യാസ രീതിയിൽ ആണ് പ്രബന്ധം തയ്യാറാക്കേണ്ടത്. ഫയലിനോടൊപ്പം പ്രബന്ധത്തിന്റെ PDF ഫയലും അയക്കേണ്ടതാണ്.
- പ്രബന്ധത്തിലെ വരികൾ തമ്മിൽ 1.5 ഇടയകലം (space) പാലിക്കണം.
- ശീർഷകം 14 പോയിന്റിലും, പ്രബന്ധശരീരം 12 പോയിന്റിലും ആയിരിക്കണം.
- പേജ് നമ്പർ താഴെ നൽകണം.
- ചിഹ്നങ്ങൾക്കുശേഷം 1 സ്പേസ് (space) പാലിക്കണം.
- താഴെപ്പറയുന്ന ക്രമത്തിലാണ് പ്രബന്ധം തയ്യാറാക്കേണ്ടത്:

- ആദ്യപേജിൽ പ്രബന്ധത്തിൻന്റെ പേര്, പ്രബന്ധരചയിതാവിന്റെ പേരും മേൽവിലാസവും, ഇ–മെയിൽ വിലാസം, മൊബൈൽ നമ്പർ എന്നീ വിവരങ്ങൾ ഉൾപ്പടെ (14 പോയിന്റിൽ)
- രണ്ടാംപേജിൽ ശീർഷകം, 14 പോയിന്റിൽ 150 വാക്കിൽ കവിയാതെയുള്ള പഠനസംഗ്രഹം (11 പോയിന്റിൽ)
- മൂന്നാംപേജ് മുതൽ പ്രബന്ധശരീരം (12 പോയിന്റിൽ)
- ആവശ്യമായ കുറിപ്പുകളും (Notes) തുടർന്ന് ആധാരസൂചിയും (References) പ്രബന്ധത്തിന്റെ അവസാനം നൽകണം (11 പോയിന്റിൽ)
- ഗ്രന്ഥസൂചി / ആധാരസൂചി തയ്യാറാക്കുന്നതിന് APA (7th edition) ആണ് എഴുത്തുകാർ പിന്തുടരേണ്ടത്.

<u>പ്രബന്ധം അംഗീകരിക്കൽ</u>

ഓരോ പ്രബന്ധവും അതതുമേഖലകളിലെ വിദഗ്ധരുടെ പരിശോധനയ്ക്കുശേഷമുള്ള ശുപാർശയുടെ അടിസ്ഥാനത്തിലായിരിക്കും പ്രസിദ്ധീകരണയോഗ്യത നേടുന്നത്.

<u>അഭിപ്രായങ്ങളും നിർദ്ദേശങ്ങളും</u>

**ദർശിനി ചലച്ചിത്ര പഠന സ്കൂൾ ഗവേഷണ ജേണൽ,**

**തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല, അക്ഷരം കാമ്പസ്, വാക്കാട് പി. ഒ.,**

**തിരൂർ, മലപ്പുറം, കേരളം – 676 502.**